## ഗവ. വൊക്കേഷണൽ ഹയർ
## സെക്കന്ററി സ്കൂൾ, അമ്പലത്തറ









**ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, അമ്പലത്തറ**
**പി ഒ പുല്ലൂർ**
**ആനന്ദാശ്രമം വഴി**
**കാസർഗോഡ് ജില്ല**
**പിൻ – 671531**
**ഫോൺ – 04672244050**

## എഡിറ്റർ

മിഥുൻ എം

## എഡിറ്റോറിയൽ ബോർഡ്

നന്ദന നാരായണൻ
ഫാത്തിമത്ത് ഇസ്ബുന്നിസ. കെ
സഹ്‌ല അബ്ബാസ്
ആയിഷത്ത് നാഫിയ. പി
അനഘ പി
സരുൺ എം
മുഹമ്മദ് ഷാക്കിർ ഹുസൈൻ കെ
മുഹമ്മദ് അഫ്സൽ പി കെ
നഫീസത്ത് ഷഹ്മ
ശരത്ത് കൃഷ്ണ

## കവർ പേജ്

അജ്മൽ നയീം എം എൻ
അഭിമന്യു ടി കെ
ജിബിൻ ഷെമ്മി
ആദിത്യൻ എം
ഫഹദ് കെ

## ഡിസൈൻ

മുഹമ്മദ്ഷംനാസ്
മുഹമ്മദ് ഷാമിൽ
ഫാത്തിമ ടി
വിജിൽ വി
ഫജ്റ കെ
ഫാത്തിമത്ത്തഫ്സീറ ഷെറിൻ

# ഭാവുകങ്ങൾ



പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളെല്ലാം മികവിന്റെ കേന്ദ്രങ്ങളായും, ഹരിതകേരളത്തിന്റെ ഭാഗമായി വിദ്യാലയവും പരിസരവും മാലിന്യമുക്തവും പ്ലാസ്റ്റിക് വിമുക്തവും, ജൈവ വൈവിധ്യഉദ്യാനങ്ങളായും മാറുകയാണല്ലോ .

ഈ അവസരത്തിൽ "ലിറ്റിൽ കൈറ്റ്സ് " തയ്യാറാക്കുന്ന ഈ മാഗസിൻ എന്തു കൊണ്ടും മാതൃകാപരമാണ്

എല്ലാവിധ ആശംസകളും നേരുന്നു

വേണുഗോപാലൻ .കെ
പ്രധാന അധ്യാപകൻ

# ഭാവുകങ്ങൾ

നമ്മുടെ വിദ്യാലയത്തിൽ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന ഇ-മാഗസിന് ആശംസകൾ നേരുന്നു. വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നതിന് ഈ ഉദ്യമം സഹായിക്കട്ടെ.വിവരസാങ്കേതിക വിദ്യയുടെ ലോകത്തിൽ നമ്മുടെ കുട്ടികൾ എത്രമാത്രം മുന്നോട്ടുപോയി എന്നതിന്റെ സാക്ഷ്യപത്രം കൂടിയാകട്ടെ ഇത്

ഗോപിക.പി

പ്രിൻസിപ്പാൾ.

ജി.വി.എച്ച്.എസ്.എസ്

അമ്പലത്തറ.

# ഭാവുകങ്ങൾ



ജി വി എച്ച് എസ് എസ് അമ്പലത്തറയിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കുന്ന ഇ-മാഗസിൻ സ്കൂളിന് തീർച്ചയായും ഒരു മുതൽക്കൂട്ട് ആയിത്തീരുമെന്നതിൽ യാതൊരു സംശയവുമില്ല. എല്ലാ വിധ ഭാവുകങ്ങളും നേരുന്നു

പവിത്രൻ

പി ടി എ പ്രസിഡണ്ട്

# ആമുഖം

വിവരവിനിമയ സാങ്കേതികവിദ്യ ഇത്രയധികം പുരോഗമിച്ചിരിക്കുന്ന കാലത്ത് വിദ്യാർത്ഥികൾക്ക് വിവിധമേഖലകളിൽ പരിശീലനം നൽകുന്നതിന് കേരള ഇൻഫ്രാ സ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (KITE) ആഭിമുഖ്യത്തിൽ സ്കൂളുകളിൽ ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് ഗ്രൂപ്പിന്റെ പ്രവർത്തനഫലമായിരുപപ്പെട്ട മാഗസിൻ ആണ് ഇത്. ഗ്രാഫിക്സ്, മലയാളം കമ്പ്യൂട്ടിങ്ങ്, ഫോർമാറ്റിങ്ങ് എന്നിവയുടെ അനന്ത സാധ്യതകൾ പരിചയപ്പെടാനും പ്രസിദ്ധീകരണത്തിന്റെ ബാലപാഠങ്ങൾ സ്വായത്തമാക്കാനും കുട്ടികളെ പാകപ്പെടുത്തിയെടുക്കുക എന്നതുതന്നെയാണ് ഈ മാഗസിൻ നിർമ്മാണത്തിന്റെ ലക്ഷ്യം. സ്കൂളിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ സർഗ്ഗവാസനകൾ കണ്ടെത്തി അവരുടെ സൃഷ്ടികൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്ത് ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുക എന്ന ദൗത്യം ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങളെ സംബന്ധിച്ച് ശ്രമകരമായ ഉദ്യമമാണ്. എങ്കിലും പരമാവധി പരിശ്രമിച്ച് കുട്ടികൾ ഒരു നല്ല പ്രവർത്തനം കാഴ്ച്ചവെച്ചിട്ടുണ്ട്. ഇവർക്ക് ഇനിയും ഇനിയും ഉയരങ്ങളിലെത്താൻ ആവശ്യമായ എല്ലാ പ്രോത്സാഹനങ്ങളും നല്കാൻ നാം തയ്യാറാവേണ്ടതുണ്ട്.



സതി എം

കൈറ്റ് മിസ്ട്രസ്സ്



രവീന്ദ്രൻ കെ

കൈറ്റ് മാസ്റ്റർ

**ഉള്ളടക്കം**


അതിരാവിലെ.................................................9
തിരകൾ പറഞ്ഞത് (ലേഖനം)........................10
.........................................................................
.........................................................................
....................................ആർക്ക് വേണ്ടി? (കഥ)
.....................................................................11
Mother A Worker.......................................12
നിധി കിട്ടി .....................................................
.........................................................................
...............................................................(കഥ)
.....................................................................14
കാർട്ടൂൺ.....................................................16
പ്രകൃതിയുടെ സമ്മാനം (ലേഖനം)..................17
MY PET.....................................................18
പ്രളയം (കവിത)...........................................19
LEDY (Story)............................................21
തത്തമ്മ.......................................................22
സ്നേഹം (കഥ).............................................23
പ്രകൃതിയുടെ രത്നമായിരുന്നുവെങ്കിൽ (കഥ)......25
ആസ്വാദന ക്കുറിപ്പ്.......................................27
വിളി (കഥ)..................................................28
अकेला एक पेड...............................................30
मेरा देश.........................................................31
ഭക്ഷണം ജീവിതത്തിന്റെ ഉപാധി....................32
കുട്ടിക്കവിതകൾ...........................................33
അഹങ്കാരം ആപത്ത്.....................................36
കേരളം എൻ വർണ്ണം.....................................37
മനുഷ്യപുരോഗതിയിൽ..................................38
ശാസ്ത്രത്തിന്റെ പങ്ക്...................................38
എടുത്തുചാട്ടം ആപത്ത്.................................40
ഭൂമി............................................................41
ചിന്നുവിന്റെ................................................42
കഥ.............................................................42
മഴ.............................................................44
മഴക്കാലം...................................................45
വാഹനയാത്ര................................................46
തത്തയും പ്രാവും..........................................47
മഴ.............................................................48
മിന്നുവിന്റെ റോസാ ചെടി.............................49
വർണചിറകുകൾ വീശി.. വീശി.......................50
രണ്ടു മരങ്ങൾ................................................51
ശുചിത്വം വേണം..........................................52
A LIGHTING MY MOTHER.....................53

# അതിരാവിലെ

(കവിത)

രാവിലെ ഉണരുന്ന സൂര്യൻ........
പക്ഷികൾ പറക്കുന്ന സമയം.....(2)
കടലിൽ നിന്നുദിക്കുന്ന സൂര്യൻ......
കളകളാ ഒഴുകുന്ന നദികൾ.....
കോഴികൾ ഈണത്തിൽ പാടുന്നു....
ഇളംകാറ്റിൽ വീഴുന്ന മഞ്ഞുത്തുള്ളി.....
കാറ്റിലാടുന്ന പൂവിതൾ നിന്നു
തേൻ നുകരുന്നു തേൻവണ്ടുകൾ....
ഇളം പുല്ലിൽ കളിക്കുന്ന കുട്ടികൾ.....
പല വർണ്ണ മൽസ്യങ്ങൾ നീന്തിതുടിക്കുന്നു....
ആലോല വായുവിൽ നീന്തുന്ന ശലഭങ്ങൾ
ശാന്തലോകത്തിന്റെ കവാടമാണ്....
അമ്പലത്തിൽ നിന്നുദിക്കുന്ന സംഗീതം ....
വേട്ടയാടാനെത്തുന്ന കൊക്കുകൾ....
കാടിറങ്ങുന്ന കാട്ടുക്കോഴി.....
മെല്ലെ മെല്ലെ ഉച്ചയിലേക്ക്......

സിദ്ധാർത്ഥ്.എ

# തിരകൾ പറഞ്ഞത് (ലേഖനം)

ഞാൻ പണ്ട് പണ്ടെ അങ്ങ് ബ്രിട്ടീഷ്കാരുടെ കാലംതൊട്ടെ ഇവിടെയാണ്.വെങ്കലനും കൊളമ്പസും അഭിലാഷ് ടോമിയും എന്റെ കൂടെ വരുമ്പോൾ അവർ വഴിതെറ്റിപ്പോയ കാര്യമെല്ലാം കൂട്ടുകാർക്കറിയാമല്ലോ.ഞാൻ ഇതുവരെ സുനാമി പോലുള്ള കാ-ര്യങ്ങൾ ചെയ്ത് ഒട്ടനവധി മരണവും ഉണ്ടാക്കി. അതിൽ ഒന്ന് ഇ-പ്പോഴും നടക്കുന്നുണ്ട്. അതാണ് ഇന്തോനേഷ്യ സുനാമി.അതിൽ ഇതുവരെ 832- ൽപരം മരണങ്ങൾ നടന്നു. ഇതുപോലെ ഒട്ടനവധി സുനാമികൾ ഈ ഏഷ്യ വൻകരയിൽ തന്നെ സംഭവിച്ചു.അതുകൂടാതെ മറ്റു വൻകരകളിലും വളരെ വലിയ സുനാമികൾ ഞാൻ കൊണ്ടുവന്നു.ഇതു-കൂടാതെ ഈ വെള്ളപ്പൊക്കക്കാലത്ത് കേരളത്തിൽ കടൽത്തീരമുള്ള പ്രദേശത്ത് വൻ നാശനഷ്ടങ്ങൾ തീർത്തു.എന്നാൽ ഞാൻ
കുറേ പ്രദേശങ്ങളെ വെറുതെ വിട്ടു. എന്നാൽ എന്നിലെ ഉപ്പുവെ-ള്ളത്തിൽ നിന്നാണ് അന്ന് മോഹൻദാസ് കരംചന്ദ് ഗാന്ധി എന്ന ബാപ്പൂജി മുങ്ങി ഉപ്പ് എടുത്തത്. അതുപോലെ കേരള-ഗാന്ധിയായ കെ.കെ.കേളപ്പനും ഉപ്പ് എടുത്തിരുന്നു. എന്നെ സിനിമാക്കാർ ഉപയോഗിക്കാറുണ്ട്.പണ്ട് ഡച്ചുകാരും പോ-ർച്ചുഗീസുകാരും ഫ്രഞ്ചുകാരും ഇംഗ്ലീഷുകാരും എന്നെ ഉപയോ-ഗിച്ചിരുന്നു. പലരും മത്സ്യങ്ങളെ പിടിക്കാൻ എന്റെ അടുക്കൽ എത്താറുണ്ട്.എന്റെ നെഞ്ചിലേറി യാത്ര ചെയ്യാൻ ഏവർക്കും ഇഷ്ടമാണ്.ചെറിയ മത്സ്യം മുതൽ വലിയ മത്സ്യമായ ഗംഗ-ഡോൾഫിൻ വരെ എന്നിൽ വസിക്കുന്നു. ഉപ്പിന്റെ ഉറവിടമായി എല്ലാവരും കാണുന്നു.

# ആർക്ക് വേണ്ടി? (കഥ)

പതിവില്ലാത്ത ഒരു വിഷാദത്തോടെയാണ് അച്ഛന്റെ പത്രവായന.എന്താണെന്ന തിരക്കാതെ ഞാനാ പത്രത്തിലേക്ക് എത്തി നോക്കി.ക്യാംപസ് രാഷ്ട്രീയ കൊലപാതകം.അതിനു താഴെയായി ആ ചേട്ടന്റെ അമ്മയുടെയും അച്ഛന്റെയും ആർത്തു കരയുന്ന ഫോട്ടോകളും.അതൊക്കെ കണ്ടപ്പോൾ അറിയാതെ എന്റെ കണ്ണുകളും നിറഞ്ഞു പോയി.പാവം അമ്മ ആ മകന്റെ വേർപാട് എങ്ങനെ സഹിക്കും? ആ പാവം അമ്മ...

എന്തെല്ലാം സ്വപ്നങ്ങൾ നെയ്തു കൂട്ടിക്കാണും?അവരുടെ ആ ചെറിയ വീട്ടിൽ ഇനി സന്തോഷം കൊണ്ടു വരാൻ ആർക്കെങ്കിലും പറ്റുമോ?

രാത്രി ഉറങ്ങാൻ കിടന്നപ്പോഴും എനിക്കാ അമ്മയുടെ മുഖം ഓർമ്മ വന്നു.എന്തിനാണീ രാഷ്ട്രീയക്കാർ എല്ലാവരെയും കൊല്ലുന്നത്?എത്ര പേർ മരിച്ചു വീഴുന്നു?എന്നിട്ടെന്താണവർ ഇതുവരെ നേടിയത്? ഒരു തുള്ളി രക്തം മാത്രം.**ആർക്കു വേണ്ടി??????????**

ശ്രീനന്ദ. 5B



## Mother A Worker

**(Poem)**

At the time of sunrise
she start her hard works!

At the start of me
she ate her pain....

She try to smile
for stopping my cry.

She was not only a mother
for me!
A doctor a teacher
A timer a washer
A chief a tailor
A singer a dancer
and all and all and all.....

When I was sad
she was in trouble

When I was happy
the reason is she
At time of sunset
she doing her hard work
At the time of dark

she doing her work.....
She avoid her life
for me like children.

Her life melted for me
her sad evaporated for me

She stand as a jasmine
in front of a nettle like sad
I cry for god
to give heaven for my mother
Many days I see
she crying for me.
she tired for me.
My mother is a
sprite of truth
sprite of love
sprite of peace.

**Muhammed Ibinaz.K**
**10.B**



# നിധി കിട്ടി (കഥ)

ഒരു ചെറിയ ഗ്രാമം. അവിടെ ഒരു മുതലാളി ജിവിച്ചിരുന്ന അയാൾ പിശുക്കനും അത്യാഗ്രഹിയുമായിരുന്നു. അയാൾക്ക് ഒരു വേലക്കാരൻ ഉണ്ടായിരുന്നു. ഒരു ദിവസം മുതലാളി വേലക്കാരനെ വിളിച്ചുപറഞ്ഞു. നാളെ നീ രാവിലെ മലയിൽ കുറച്ച് ഇഞ്ചി നടണം. വേലക്കാരൻ സമ്മതിച്ചു.

അന്ന രാത്രി വേലക്കാരൻ തന്റെ വിട്ടിലുണ്ടായിരുന്ന ഒരു ചെറിയ കിണ്ടിയുമെടുത്ത് മലയുടെ മുകളിലെക്ക് പോയി.

കിണ്ടി അവിടെ കുഴിച്ചു മൂടിയിട്ട് അയാൾ യാത്രയായി. പിറ്റേന്ന് രാവിലെ മുതലാളിയുടെ വിട്ടിലെത്തി കൈക്കോട്ടുമെടുത്ത് മലയുടെ മുകളിലെക്ക് തിരിച്ചു.ഒപ്പം മുതലാളിയുമുണ്ടായിരുന്നു.

വേലക്കാരൻ പണി തുടങ്ങി. കുറേകഴിഞ്ഞപ്പോൾ ഒരു ശബ്ദം കേട്ടു. ഉടനെ മുതലാളിയെ വിളിച്ചു. മുതലാളി ഓടിയെത്തി.

മുതലാളീ.....ഇതാ നിധി.

നിയൊന്നു മിണ്ടാതിരി മുതലാളി പതുക്കെ പറഞ്ഞു. മുതലാളി ഈ നിധി നമുക്കിവിടെ നിന്നും കൊണ്ടുപോകണം. ഇപ്പോൾ പറ്റില്ല നമുക്ക് രാത്രി വരാം. മുതലാളി പറഞ്ഞു- വേലക്കാരനു സമ്മതം.

അന്നത്തെ ജോലി നിർത്താൻ മുതലാളി അവനോട് പറഞ്ഞു. അവർ രണ്ടുപേരും വിട്ടിലേക്ക് മടങ്ങി. വിട്ടിലെത്തിയ ഉടനെ ആയിരം രൂപയും നൂറുനാളികേരവും വേലക്കാരനു നൽകി.

എന്നിട്ട് പ്രത്യേകം പറഞ്ഞു. (contd...)

നോക്ക് ;നിധിയുടെ കാര്യം പുറത്ത് പറയരുത് കേട്ടോ.
അന്ന് പതിവിലേറെ സന്തോഷത്തോടെ വേലക്കാരൻ തന്റെ വിട്ടിലെക്ക് മടങ്ങി

എടാ,വൈകുന്നേരം വരണേ... മുതലാളി വിളിച്ച് പറഞ്ഞു.
പിന്നെ ജോലിക്കായി മുതലാളി വേലക്കാരനെ കണ്ടതേയില്ല.....

_കദീജ തസ്നീം.പി.എ,6A

# കാർട്ടൂൺ


യ്യോ, അള്ളാ എന്താണിത് കേൾക്കുന്നത്
ഇത് ഹോക്കിയുടെ ശബ്ദമല്ലേ!
എനിക്ക് ഒന്നും പറ്റില്ല ഞാൻ പാട്ട് പഠിക്കുകയാണ്.
ശ്ശോ.. ഞാൻ വിചാരിച്ചു ഇന്നലെ വീണത് പോലെ വീണതായിരിക്കുമെന്ന്.
Khadeejathul Runaiba, 6C

# പ്രകൃതിയുടെ സമ്മാനം (ലേഖനം)

നാം മനുഷ്യരുടെ അമിത ഭൂമികൈയ്യേറ്റത്തിനായി പ്രകൃതി തന്ന സമ്മാനമാണ് "പ്രളയം".കേരളത്തെ വിഴുങ്ങി .പാവപ്പെട്ടവനെന്നോ ധനികനെന്നൊ ജാതിമത ചിന്താകതിയില്ലാതെ ഒരു പാത്രത്തിൽ ഭക്ഷണം കഴിച്ച് ഒരേ കിടക്കയിൽ ഉറങ്ങി. ജാതിയുടെയും മതത്തിന്റെ പേരിൽ അന്യോന്യം വഴക്കിടുന്നവർ ജാതിയോ മതമോ ചോതിച്ചില്ല തെറ്റു ചെയ്യാത്ത പാവങ്ങളുടെ മൃതദേഹം നാം കാണേണ്ടിവന്നു അച്ഛനമ്മമാരെ നഷ്ടപ്പെട്ട പിഞ്ചുകുഞ്ഞ് പ്രാണ രക്ഷയ്ക്കായി വെപ്രാളപ്പെടുന്ന ഒരു കൂട്ടം മനുഷ്യരെ പ്രളയം നമ്മുക്ക് കാണിച്ചു തന്നു

" പ്രളയമെ ........എന്തിനീ മനുഷ്യരോട് ഈ കൊടും ക്രൂരത "

എന്നാൽ ഈ പ്രളയത്തെ വരവേറ്റത് നാം മനുഷ്യർ തന്നെയാണ് അമിതമായ ഭൂമി കൈയ്യേറ്റവും കായലുകളും, വയലുകളും നിരത്തി ഭീമാകാരമായ ഫ്ലാറ്റുകൾ കെട്ടിയുയർത്തിയത് കൊണ്ടാണ്

**നാം തന്നെ യാണ് നമ്മുടെ ഈ ദുർവിധിക്ക് കാരണം**

-അനിരുദ്ധ് എം

7A

# MY PET

## (Poem)

*My pet is a cat*
*His name is Kuttus*
*He is very noughty*
*He look very pretty*
*He can run*
*He can jump*
*He is my pet*
*And I love him very much*

**Sreenandha**
**5.B**



# പ്രളയം (കവിത)

എന്തിനോ സഖീ നാം അന്നു പുലർച്ചയിൽ
ആ അമ്പലയാത്ര നടത്തി
അന്നതാ നമ്മൾ തൻ ജീവിതയാത്ര മുറിഞ്ഞു
16_വർഷം കാത്തിരുന്നുണ്ടായ എൻ ഉണ്ണി_
എൻ ജാനി മോള്
എൻ മടിയിൽ നിന്നു വേർപ്പെട്ടു പോയൊരാ_
മാലാഖ അല്ലയോ അവൾ
എൻ വയലിൻ കമ്പികൾ നുറുങ്ങി
എൻ മരണവാർത്തയറിഞ്ഞ്
എനിക്കാകില്ല എൻ സഖി
എൻ പൊന്നോമനയെ തനിച്ചു വിട്ടുവാൻ
നിൻ ജീവിതത്തിൽ കണ്ണീരിൻ
പ്രളയം വിതച്ചു ഈ ഞാൻ പോകയായി
ഇത് ദൈവത്തിൻ ദയനീയമാം കുസൃതി
അച്ഛൻ മരിച്ചതോ മകളറിയാതെ
മകൾ മരിച്ചതോ അച്ഛനറിയാതെ
പോകയായി നാം നിന്നോലകത്തിൽ നിന്ന്
നീ ഉണരുമ്പോൾ സഖി
ഞാൻ നിൻ കൂടെ ഉണ്ടാവില്ല
എൻ വിരൽ തുമ്പുകൾ പതിഞ്ഞ വയലിനുകൾ
നിനക്കിനി ഓർമിക്കാൻ
നമ്മുടെ പൊന്നോമന തൻ
കുഞ്ഞുടുപ്പുകൾ മാത്രം
കണ്ടു കൊതിത്തീർന്നിട്ടില്ലെന്നെ_
നിക്കറിയാം എന്നാലും പോകയായി
നമ്മൾ മാലാഖ ചിറകിൽ
ഞാൻ കത്തിയെരിയുമ്പോൾ എൻ
പിയാനോകൾ കത്തിയെരിഞ്ഞങ്ങുപോകും

(contd..)

ഞാൻ തീർത്ത നാദസ്വരങ്ങൾ
എന്നും നിൻ കണ്ണീരാം പ്രളയത്തെതുടച്ച നീക്കും
സഖീ നിന്റെ കൈയ്യെത്താം
ദൂരത്തേക്ക് അകലുമ്പോഴും
ഞാൻ കൊതിക്കുന്ന നിൻ സാമിപ്യം
നിൻ മാറിലെ ചൂടുപറ്റിയുറങ്ങുവാൻ
നിന്റെ മാറിലെ തേന്മറും
മുലപ്പാലുണ്ണാൻ ഭാഗ്യമില്ലല്ലോ
നമ്മുടെ പൊന്നോമനയ്ക്ക്
പ്രളയം വിതച്ചൊരാ നാശനഷ്ടത്തിൽ
നമ്മുടെ ജീവിതം ഒരു ചോദ്യചിഹ്നം
ഒരുപാടു സ്വപ്നങ്ങൾ കണ്ടു നാം ഒരുമിച്ച്
എന്നാൽ പ്രളയമാം അപകടം
തകർത്തു നമ്മുടെ ജീവിതം
ഒരു ചീട്ടുകൊട്ടാരം പോലെ തകർന്നു
ആ സ്വപ്നങ്ങൾ ഉപ്പു കണ്ണീർ ചാലിൽ
ഒലിച്ചു പോകരുതേ സഖീ നീ
എൻ ഓർമ്മയിൽ നീ നമ്മുടെ
പൊന്നോമനതൻ പൊന്നോർമ്മയിൽ നീ
ജീവിക്കണം എൻ സഖീ
ഒരു പ്രളയം കവർന്നെടുത്തു നമ്മുടെ ജീവിതം
പൂർത്തിയാവാത്തൊരാ ഈണങ്ങൾ
എൻ ആത്മാവിൽ മുറിവുളവാക്കുന്നു
ഇനി ഞാനാല്ല നമ്മുടെ പൊന്നോമനയില്ല
ഈ ലോക ഗോളത്തിൽ

ദേവപ്രിയ.കെ
9B

## LEDY (Story)

Once up on a time there were two ladies Elizabath and Ferandal. It was a beautiful X-mas day, a snowy day. Trees,houses and roads were covered with white snow. Ferandal gave a beautiful gift to Elizabath. The gift was a puppy .She can't stand because of the excitement and happy.

She said Ferandal 'he' is very smart , but Ferandal said that it is a girl.

He called 'ledy' that is the name of puppy after some time he took
ledy to the to the kitchen to sleep but she can 't sleep there she ran after Ferandal and he again kept there itself.

But she can't .......... Ferandal got angry and said to her “you can't understand, and shouted at her”. At last she came to the Ferandal's bed-room and he said you can sleep here only today . After that all day she slept there only

After six mounths she got '4' years old . she looks like very pretty and cute . she do all morning routine of Ferandal and he looks like his best friend.

This is the forgive of love, friendship, and relation ship is a streel chain .........

- Khadheejathul Runaiba
6C

# തത്തമ്മ

തത്തേ തത്തേ പച്ച തത്തേ
ചുണ്ട് ചുവപ്പിച്ച തത്തമ്മേ
എന്റെ കൂടെ വരുമോ നീ
എന്റെ കൂടെ വന്നെന്നാൽ
പാലും പഴവും തന്നീടാം
പട്ടുമെത്ത വിരിച്ചീടാം
പാട്ട് പാടി ഉറക്കാം ഞാൻ
തത്തമ്മപ്പെണ്ണെ വന്നാലും

ശിവഗംഗ
2A



# സ്നേഹം (കഥ)

ചന്തു ഇരുപതു വയസ്സുള്ള ഒരു യുവാവാണ്.അവന്റെ ഉറ്റ സുഹൃത്തായിരുന്നു രാമു. ഒരു ദിവസം രാമു അവനോട് ചോദിച്ചു നിനക്ക് ദുബായിൽ പോകാൻ താൽപര്യമുണ്ടോ? എല്ലാ സഹായവും ഞാൻ ചെയ്ത് തരാം ;അതുകേട്ട ചന്തു സന്തോഷിച്ചു ..പക്ഷേ ഇതെല്ലാം രാമുവിന്റെ ചതിയായിരുന്നു. അവനോട് അറബികൾ പറഞ്ഞിരുന്നു നീ ഒരു ജോലിക്കാരനെ എനിക്ക് തന്നാൽ നിനക്കു ഞാൻ ഒരു ലക്ഷം രൂപ തരാമെന്ന്. അങ്ങനെയാണ് അവിടുത്തെ ജോലിക്കാരനായിട്ട് രാമു ചന്തുവിനെ പറഞ്ഞയച്ചത്. അങ്ങനെ അവൻ ദുബായിൽ എത്തി. അതിന് മുൻമ്പ് തന്നെ ചന്തുവിന്റെ രൂപവും ഭാവവും രാമു അറബികളോട് പറഞ്ഞിരുന്നു. അങ്ങനെ അറബികൾ അവനെ പിടികൂടി.പക്ഷേ പാവം ചന്തുവിന് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. സ്വന്തം അമ്മയെയും, അനുജത്തിയെയും വേർ പിരിഞ്ഞാണ് അവൻ ദുബായിലേക്ക് എത്തിയത്.പക്ഷേ,എത്തിയപ്പോൾ അവൻ അറബികളുടെ തടവിലായി. അത് അവന് സഹിച്ചില്ല. അവൻ വിങ്ങി വിങ്ങിക്കരഞ്ഞു. അപ്പോഴാണ് അവന് രാമുന്റെ ചതി മനസിലായത്.അവന് രാമുവിനോട് ദേഷ്യം തോന്നി. അവൻ ആ അറബികളുടെ ഒട്ടകങ്ങളെ മേയ്ക്കാൻ തുടങ്ങി അവന് ആ പണി വളരെ ഇഷ്ടമായിരുന്നു. കാരണം അവൻ(contd..)

നാട്ടിലൊരു അട്ടിടയനായിരുന്നു. പക്ഷെ ഒട്ടകങ്ങളെ തടവി തലോടാൻ അവന് സാധിച്ചില്ല. അതോർത്ത് അവന് ചിരി വന്നു. പക്ഷേ അറബികൾ സ്വന്തം കാലുകൾ അവനെ കൊണ്ട് കഴുകിച്ചു. അവന് അത് ഇഷ്ടപ്പെട്ടില്ല. പാവം അവൻ ജയിലിലേതുപോലെ ജീവിച്ചു. അറബികൾ അവനെ അവർക്കിഷ്ടമുള്ളതുപോലെ ചെയ്തു. അവൻ അതിന് വിസമ്മതിച്ചെങ്കിലും അവർ അത് കേട്ടില്ല. അവിടെ അവന്റെ കൂട്ടുകാരിയായ ഒട്ടകമായിരുന്നു രാധ. രാധയ്ക്ക് അവനെ ഉപദ്രവിക്കുന്നതു കണ്ട് ദേഷ്യം വന്നു. അവൾ അറബിക്കിട്ടൊരു ചവിട്ട് കൊടുത്തു. അങ്ങനെ അറബി ആശുപത്രിയിലായി. അയാളെ വേണ്ടപോലെ പരിചരിക്കാൻ ആരും ഉണ്ടായിരുന്നില്ല. അവസാനം ചന്തു അയാളെ പരിചരിച്ചു. അതോടെ അയാൾക്ക് സ്നേഹത്തിന്റെ വില മനസിലായി. അയാൾക്ക് ചന്തുവിനോട് സ്നേഹവും ബഹുമാനവും തോന്നി ഒരു മകനപ്പോലെ. അറബിക്ക് മക്കൾ ഉണ്ടായിരുന്നില്ല , അതിനാൽ അവർക്ക് കിട്ടേണ്ട സ്വത്തെല്ലാം അറബി ചന്തു വിന് നൽകി. അവൻ ഒരു പണക്കാരനായി. ഒരച്ഛൻ എന്ന നിലയിൽ അവൻ അറബിയെ നാട്ടിലേക്ക് കൊണ്ടുവന്നു അപ്പോഴേക്കും രാമു പാവപ്പെട്ടവനായിരുന്നു. എന്നിട്ട് ചന്തു വിനോട് മാപ്പു പറഞ്ഞു. ചന്തു അവന് മാപ്പു നൽകി. അങ്ങനെ അവരുടെ സ്നേഹം നല്ലതായി നിലനിന്നു.

_ സൂരജ്. എ. വി

7A

# പ്രകൃതിയുടെ രത്നമായിരുന്നുവെങ്കിൽ
# (കഥ)

തിങ്ങി നിന്ന കാടിലൂടെ അവൻ നടന്നു .കുന്നു കയറി ,അതാ ദൂരെ ഒരു വെള്ളച്ചാട്ടം . അവൻ കിതച്ചു കൊണ്ട് വെള്ളച്ചാട്ടത്തിന്റെ അടുത്തേക്കു നടന്നു അതി മനോഹരം, എന്തൊരു ഭംഗി അവൻ കണ്ടതിൽ വെച്ച് ഏറ്റവും വലിയ വെള്ളച്ചാട്ടം .അവന്റെ മനസ്സിൽ ചിന്തകൾ പലതും തോന്നി തുടങ്ങി. അവൻ പ്രകൃതി മനോഹരം ആസ്വദിക്കാൻ വന്നതാണ്. പക്ഷെ അറിയാതെ അവന് തന്റെ വഴി തെറ്റി . എത്രയോ കാട്ട് മൃഗങ്ങൾ വസിക്കുന്ന കൊടും കാട് . ഭയം അതേ ഉള്ളൂ കുട്ടിന് അച്ഛനും അമ്മയും കാത്തിരിക്കുന്നുണ്ടാകും. അത് അവനെ നിരാശനാക്കി .ധൈര്യം കൈവിടാൻ അവൻ തയ്യാറായില്ല അവൻ മനസ്സിൽ ഉറപ്പിച്ചു കോണ്ട് മുന്നോട്ട് പോയി .വിശപ്പും ദാഹവും അവനെ വലയം ചെയ്തു തുടങ്ങി . അവൻ ഉയർന്ന് പന്തലിച്ചു നിൽക്കുന്ന ഒരു മരത്തിന്റെ ചുവട്ടിലിരുന്നു. തൊട്ടപ്പുറത്ത് തന്നെ അവനാ കാഴ്ച കണ്ടു പച്ചപ്പു നിറഞ്ഞ മരത്തിൽ ചുവന്നു തുടുത്ത പഴങ്ങൾ അവനെ നോക്കി നിൽക്കുന്നു .അവൻ സമയം പാഴാക്കാതെ മരത്തിന്റെ നേർക്ക് പാഞ്ഞു. പെട്ടെന്ന് അവന്റെ മുന്നിൽ ഒരു കുരങ്ങൻ മരത്തിൽ നിന്ന് താഴേക്ക് ചാടി. അവൻ ആകെ ഭയന്നു പോയി. കുരങ്ങൻ അവനെ നോക്കി ചിലച്ചു കൊണ്ട് എവിടേക്കോ മറഞ്ഞു . അവൻ ഒന്നു ശ്വാസം വിട്ടു 'ഹ്'.അവൻ മെല്ലെ ആ പഴങ്ങളുള്ള മരത്തിന് അടുത്തേക്ക് ചെന്ന് ,ആ മരത്തിൽ കയറാൻ നോക്കി പക്ഷെ നടന്നില്ല .അവൻ നിരാശയോടെ അതിന് ചുവട്ടിലിരുന്ന് മയങ്ങി .എന്തോ അനക്കം കേട്ട് അവൻ ഉണർന്നു ."ഹായ് ചുവന്ന് തുടുത്ത പഴങ്ങൾ" ആകാംക്ഷയോടെ ആ പഴങ്ങൾ അവൻ മധുരത്തോടെ തിന്നു .

എങ്ങനെ ഇത് വന്നു എന്നറിയാൻ അവൻ മുകളിലേക്ക് നോക്കി "എന്റെ മുൻമ്പിൽ ചാടിയ കുരങ്ങനല്ലെ അത് .ഇവനാണോഎന്നെ സഹായിച്ചത് "അവൻ കേൾക്കാ സ്വരത്തിൽ പറഞ്ഞു

ഈ കുരങ്ങൻ പ്രകൃതിയുടെ രത്നമായിരുന്നുവെങ്കിൽ . അവൻ നിശ്ചലനായി

_ആയിഷത്ത് ഷിഫാന

8A



# ആസ്വാദന ക്കുറിപ്പ്

കേശവൻ കാവുന്തറ രചിച്ച ഗ്രന്ഥങ്ങഴിലൊന്നാണ് ഓണം പൊന്നോണം.ഓണത്തെപ്പറ്റിയുള്ള ഐതിഹ്യങ്ങളും വിശ്വാസങ്ങളും ചൊല്ലുകളും പാട്ടുകളും കളികളുമെല്ലാം ഉൾക്കൊള്ളുന്ന ഈ മികവുറ്റ ഗ്രന്ഥം ഏറെ ആകർഷകമാണ് .ഓണം എന്നുകേൾക്കുമ്പോൾ ധാരാളം ചിത്രങ്ങൾ നമ്മുടെ മനസിൽ തെളിയുന്നു. സുന്ദരമായ പ്രകൃതിയൊരുക്കുന്ന ഓണപ്പൂക്കളം മഹാവിഷ്ണു വാമനനായവതരിച്ച് മഹാബലി പാതാള ത്തിലേക്ക്ചവിട്ടിത്താഴ്ത്തുന്ന രംഗം പൂപ്പൊലിപ്പാട്ടുകൾ പാടി പൂനുള്ളിയെടുക്കുന്ന കുട്ടികൾ ഓണസദ്യ ഓണ ക്കളികൾ അങ്ങനെയങ്ങനെ ഒട്ടനവധിക്കാഴ്ച്ചകൾ ഇതൊക്കെ ഉൾപ്പെട്ടതാണ് ഈ ഗ്രന്ഥം.ഓണത്തോടനു ബന്ധിച്ച് അത്തംമുതൽ വീടുകളും മുറ്റങ്ങളും ചമയ്ക്കുന്നു. ഈചമയത്തിനെ "അത്തച്ചമയം"എന്നു പറയുന്നു. ആഖ്യാനത്തിന്റെ ഈ സമ്പ്രദായം കാരണം വസ്തു ക്കളാകെ വർത്തമാനത്തിന്റെ വെളിച്ചത്തിലേക്കെ ത്തുന്നു. പാഠപുസ്തകങ്ങളുടെ വിരസതയെ അകറ്റുന്ന ഇത്തരം കൃതികളാണ് അധികവായനയ്ക്ക് നല്ലതാണ്.

ജ്യോതിക.എം,6B

# വിളി (കഥ)

മഹാനഗരത്തിന്റെ മധ്യത്തിലുള്ള ഒരു ഭീമനായ കോൺഗ്രീറ്റ് ഫ്ളാറ്റിലാണ് വാസുദേവന്റെ താമസം. കലണ്ടറിൽ വലിയ ചുവന്ന അക്ഷരത്തിൽ രേഖപ്പെടുത്തിയ ആ ദിവസം അതി രാവിലെ ഫോൺവിളി കേട്ടാണ് വാസുദേവനുണർന്നത്."വാസുയേട്ടാ ഓഫീസിൽ നിന്നൊരുകോൾ"വാസുദേവന്റെ ഭാര്യ സുഭലക്ഷ്മി പറഞ്ഞു."ഓക്കെ ഞാൻ അറ്റന്റ് ചെയ്തുകൊള്ളാം"വാസുദേവന്റെ മറുപടി."ഹലോ സർ,ഒരു ഇംപോർട്ടന്റ് മീറ്റിംങ്ഉണ്ടെന്നു പറഞ്ഞ് മനേജർ വിളിച്ചിരുന്നു.സർ നിർബന്ധമായുംഅറ്റന്റ് ചെയ്യണം."ഫോണിലൂടെ ഓഫീസ് സ്റ്റാഫ് പറഞ്ഞു."ഓകെ ഞാൻ വരാം" എന്നു പറഞ്ഞു ഫോൺ വെച്ചു.ഭാര്യ ചോദിച്ചു "എന്താ പ്രശ്നം" വാസുദേവൻ മറുപടി പറഞ്ഞു."ഇന്ന് ഓഫീസിൽ ഒരു അർജന്റ് മീറ്റിംങ് ഉണ്ട്. ഞാൻ ഇറങ്ങുന്നു." "അയ്യോ അപ്പോൾ നമ്മൾ നാട്ടിൽ പോകുന്നില്ലേ?നിങ്ങൾക്ക് ജോലി ലഭിച്ചിട്ടിട്ട് ആറ് വർഷമായി നമ്മൾ ഇവിടെ താമസിക്കുന്നു.ഇതുവരെ നമ്മൾ നാട്ടിൽ പോയിട്ടില്ലല്ലോ. അമ്മയ്ക്ക് സീരിയസ് ആണെന്നും നിങ്ങളെ കാണണമെന്നും ഇന്നലെ അമ്മ വിളിച്ചപ്പോൾ പറഞ്ഞിരുന്നു." പക്ഷേ നമുക്ക് നാളെ ഇറങ്ങാം എന്ന് വാസുദേവന്റെ മറുപടി.ഇതും പറഞ്ഞ് വാസുദേവൻ വാതിൽ കടന്ന് ലിഫ്റ്റിന്റെ അടുത്തേക്ക് നീങ്ങി. ഭാര്യ നോക്കി നിന്നു വാസുദേവൻ ഫ്ളാറ്റിന്റെ പുറത്തെത്തി ഡ്രൈവറോട് വണ്ടിയെടുക്കാൻ ആവശ്യപ്പെട്ടു. വാസുദേവൻ ഓഫീസിലേക്ക് പോകുന്ന വഴിയിൽതന്റെ നാട്ടിലെ വിശേഷങ്ങൾ ഓർത്തുകൊണ്ടിരുന്നു.

ഒരു മേട മാസ പുലരിയിൽ താൻ തന്റെ അമ്മയുടെ വയറ്റിൽ നിന്ന് പിറന്നതും അതിനു ശേഷം തറവാട്ടിലുണ്ടായ സന്തോഷ ദിവസങ്ങളും തന്റെഅമ്മയിൽ നിന്ന് കേട്ട് അറിഞ്ഞതും. പത്താംക്ലാസ് മുഴുവൻ മാർക്കോടെ പാസായതും അപ്പോൾ അച്ഛന്റെയും അമ്മയുടെയും മുഖത്ത് വിരിഞ്ഞപുഞ്ചിരിയും താൻ തന്റെ കൂട്ടുകാരുടെകൂടെ മാങ്ങയ്ക്ക് കല്ലെറിഞ്ഞ് വീഴ്ത്തിയപ്പോൾ അപ്പുറത്തെ വീട്ടിലെ രാഘവേട്ടന്റെ തലയിൽ കൊണ്ടതും വടിയടുത്ത് തല്ലാൻ വന്നതും അപ്പോൾ ചെളിയിൽ വീണതും പിന്നീട് വീടിന് പിറകിലുള്ള

കുളത്തിൽ തുള്ളി രസിച്ചതും +2 വിന് ശേഷംബാംഗ്ലൂരിലേക്ക് പഠിക്കാൻ വിട്ടപ്പോഴാണ് താൻ തന്റെ ഗ്രാമത്തിൽ നിന്ന് അകലാൻ തുടങ്ങിയത് .ഒന്നാം റാങ്കോടെ പാസായ എന്നെ ഡൽഹിയിൽ പ്രമുഖ കമ്പിനിയിലേക്ക് അയച്ചതും ഓർത്തുകൊണ്ടിരിക്കുമ്പോൾ കാർ പെട്ടെന്ന് ബ്രേക്ക് ചവിട്ടി. "താൻ എന്തിനാ ബ്രേക്ക് ചവിട്ടിയത് ". വസുദേവൻ ചോദിച്ചു

"സാർ മുൻമ്പിൽ ഒരു അപകടം ഉണ്ടായി. ഒരു വൃദ്ധയെ കാർ വന്നിടിച്ച് നിർത്താതെ പോയി" എന്ന് ഡ്രൈവർ പറഞ്ഞു. വാസുദേവൻ പുറത്തിറങ്ങി. വൃദ്ധയ്ക്ക് ചുറ്റും ആളുകൾ കൂടിയിരിക്കുന്നു.വാസുദേവൻ അവരുടെ അടുത്തേക്ക് പോയി.വേദന കൊണ്ട് പുളയുന്ന ചോര പുരണ്ടു കിടക്കുന്ന വൃദ്ധയ്ക്കരികിൽ അവരുടെ മകൾ കിടന്നു കരയുന്നു. 'ആംബുലൻസ് വിളിച്ചോ? 'എന്ന് വാസുദേവൻ ചോദിച്ചു ആരും മറുപടി പറഞ്ഞില്ല.വാസുദേവൻ ആംബുലൻസ് വിളിച്ചു. കുറച്ചു സമ-യത്തിനു ശേഷം ആംബുലൻസ് എത്തി. വൃദ്ധയെകയറ്റി ആശുപത്രിയിൽ കൊണ്ടുപോകുമ്പോൾ വസുദേവനും അവരുടെ കൂടെ പോയി. ആശുത്രിയിൽ ആക്കി ചികിലത്സയ്ക്കുള്ള പണവും നൽകി വാസുദേവൻ ഓഫീസിലേക്ക് പോയി.

ഓഫീസിലെത്തുമ്പഴേക്കും ഒരു മണിക്കൂർ വൈകി, വാസുദേവൻ നേരെ മനേജരുടെ റൂമിലേക്ക് പ്രവേശിച്ചു. അപ്പോഴേക്കും മീറ്റിങ് കഴിഞ്ഞിരുന്നു. ദേഷ്യം വന്ന മനേജർ വഴക്കുപറഞ്ഞു അതിനിടയിൽ വൈകിയതിനുള്ള കാരണങ്ങൾ പറഞ്ഞെങ്കിലും മാനേജർ കാര്യമാക്കിയില്ല .പെട്ടന്ന് വാസുദേവന് ഒരു കോൾ വന്നു. ഹലോഎന്ന് പറഞ്ഞതിനു ശേഷംവാസുദേവന്റെ കണ്ണിൽ നിന്ന് കണ്ണിര് ഒഴുകാൻ തുടങ്ങി മാനേജർ "എന്താപ്രശ്നം, വല്ല പണത്തിന്റെ കാര്യമാണോഎന്ന് ചോദിച്ചു ."അല്ല സർ നാട്ടിൽ നിന്നാണ്. ഇന്നലെയും എനിക്കെന്റെ അമ്മയുടെ വിളി വന്നിരുന്നു. എന്നാൽ ഈ വിളി എന്റെ അമ്മ ഈ ലോകം വിട്ടുപോയെന്നറിയിക്കാനാണ്. എനിക്ക് അവസാനമായി കാണാൻ കഴിഞ്ഞില്ലല്ലോ സർ" എന്നു പറഞ്ഞ് വാസുദേവൻ പൊട്ടിക്കരഞ്ഞു.പുറത്ത് മഹാനഗരത്തിലൂടെ ഒരു പ്രാവ് പറന്നു പോയി.......

_ശിവ പ്രസാദ് .പി,9B

# अकेला एक पेड

एक अकेला पेड

जो है अकेला

चीस मे है जो सब में है

जो है सबके दुलारा

जो इनडिसार कर रहा है

ठडी ठडी बूंदेकि

जो है समान लेकर खडा

एक अकेला और दुलारा पेड

_Sree Rag,7A



# मेरा दॆश

भारत मेरा देश

सबसे सुंदर देश

हरियाली का देश

भारत मेरा देश

स्वराग सॆ संदुर दॆश

सबसे प्यारा देश

भारत मेरा देश

_सिद्दारथ़ .वि,7A



# ഭക്ഷണം ജീവിതത്തിന്റെ ഉപാധി

ഒരു ദിവസം പകൽ സമയം ഭക്ഷണം കിട്ടാതെ അലഞ്ഞുതിരിയുന്ന ഒരു സമൂഹം.ചില മനുഷ്യർ ഭക്ഷണം കിട്ടാതെയായിരിക്കുമ്പോൾ നടക്കാൻ വയ്യാതെ ഭക്ഷണം തപ്പുന്നു.ചിലകുട്ടികളുടെ ശരീരം ഭക്ഷണം കിട്ടാതെ അവശനായികാണപ്പെടുന്നു.അവിടെ ദിവസന്തോറും കടന്നുവരുന്ന ഒരു കുതിര അവർ ചില സ്ഥലത്തു നിന്ന് നെൽമണി തിന്നുന്നു.അവയുടെ കാഷ്ടത്തിൽ കാണപ്പെടുന്ന നെൽമണി അവശൻമാരായ കുട്ടികൾ തിന്നുന്നു.സമയം നട്ടുച്ച.ഒരു വിദേശിയായ ഡേവിഡ് ലിവിങ്സ്റ്റൺ ദൈവത്തിനെപ്പോലെ ഈ സമൂഹത്തിലേക്ക് കടന്നുവന്നു.ഇദ്ദേഹത്തിന്റെ ബാഗിൽ ഉണ്ടായ ഭക്ഷണങ്ങൾ എല്ലാവർക്കും വീതിച്ചു നൽകി.പിന്നീട് അദ്ദേഹം കുറേ പണം ചെലവഴിച്ച് ആ സമൂഹത്തിനു വേണ്ടി ഒരുപാട് കൃഷി ചെയ്തു.അതുമൂലം അവരുടെ ദാരിദ്ര്യം അകറ്റാൽ കഴിഞ്ഞു.ഡേവിഡ് ലിവിങ്സ്റ്റൺ ലോക മെമ്പാടും അറിയപ്പെടുന്ന ഒരു ദൈവമായി.ഇപ്പോൾ സമൂഹത്തിൽ നടക്കുന്നത് വാശിയുടെയും വൈരാകൃത്തിന്റെയുംകാലമായി മാറി.ഭക്ഷണം എല്ലാവരും ണനസിലാക്കേണ്ടുന്ന കാര്യങ്ങൾഉപയോഗ ശ്ശൂന്യമായ ഭക്ഷണങ്ങൾ വലിച്ചെറിയാതെ ഒരു നേരത്തെ ഭക്ഷണം കഴിക്കാൻ ഇല്ലാത്തവർക്ക് ദാനം നൽകുക.

ഇന്ദ്രജിത്ത്.എം

6.എ

# കുട്ടിക്കവിതകൾ

**തേൻമാവ്**

തണലു വിരിച്ച് തേൻ കനിയേന്തി
തേൻമാവല്ലോ നില്ക്കുന്നു
മാങ്കനി തിന്നാൻ പാട്ടുകൾ പാടാൻ
പൈങ്കിളി കൂട്ടമെത്തുന്നു.
കൊമ്പുകുലുക്കി,കല്ലെറിഞ്ഞ്
നിന്നെ ദ്രോഹിച്ചീടുമ്പോൾ
പരാതിയില്ല,പരിഭവമില്ല
പുഞ്ചിരി തൂകും മാങ്കനിയായ്!

**മാനത്തെ മാമൻ**

മാനത്തുണ്ടൊരു അമ്മാവൻ
അമ്പിളിയെന്നൊരു അമ്മാവൻ
പാലൊളിതൂകും അമ്മാവൻ
പപ്പടവട്ടം അമ്മാവൻ...

**തുമ്പിയോട്**

തുമ്പീ,തുമ്പീ ചങ്ങാതി
എവിടെ നിന്നുടെ ചങ്ങാതി?
മുത്തുക്കമ്മലണിഞ്ഞിട്ട്
നൃത്തം വെക്കണ ചങ്ങാതി .
പാടത്തില്ല പറമ്പിലുമില്ല
എങ്ങുമറഞ്ഞു ചങ്ങാതി
പൂക്കളത്തിലും കണ്ടില്ല

(contd..)

**കൊതിയുണ്ട്**

അമ്പിളിമാമ പൂന്നാരേ
കുമ്പിളിൽ നിറയെ തേനുണ്ടോ?
തേനുണ്ടാക്കാൻ പൂവുണ്ടോ?
പൂവിൽ മൂരളും വണ്ടുണ്ടോ?
അങ്ങോട്ടെങ്ങനെ ഞാനെത്തും?
എല്ലാം കാണാൻ കൊതിയുണ്ടേ!

തീവണ്ടി

വണ്ടി വണ്ടി തീവണ്ടി
മണ്ടിനടക്കും തീവണ്ടി
ആളെ കേറ്റും തീവണ്ടി
നീളം കൂടിയ തീവണ്ടി
വാനിൽ കൂടി പോകില്ല
റോഡിൽ കൂടി പോകില്ല
പാളം തോറും തീവണ്ടി
ചീറിപ്പായും തീവണ്ടി
പാളം തെറ്റിപ്പോയാലോ
ചടപട വീഴും തീവണ്ടി

(contd...)

<u>എന്റെ പൂന്തോട്ടം</u>

എന്റെ വീട്ടിൻ മുറ്റത്ത്
തെക്കേ ചെരിവിൽ പൂന്തോട്ടം
മുല്ലയും പിച്ചിയും റോസാപ്പൂവും
വിടർന്നു വിലസും പൂന്തോട്ടം
എന്തൊരു രസമെൻ പൂന്തോട്ടം
പൂക്കൾ നിറയും പൂന്തോട്ടം!

ശ്യാമപ്രസാദ് പി
7 ബി



# അഹങ്കാരം ആപത്ത്

ഒരു ദിവസം കുറേ പശുക്കൾ പുല്ല് തിന്നുന്നുണ്ടായിരുന്നു.പശുക്കുട്ടത്തിൽ ഒരു പശു മഹാ അഹങ്കാരിയായിരുന്നു.അഹാങ്കാരിയായ പശുവിന് ഒപ്പമുള്ള പശുവിനോടപ്പം മേയ്യാൻ ഇഷ്ടമായിരുന്നില്ല. അഹങ്കാരിയായ പശു ഒറ്റക്ക് കാട്ടിൽ മെയ്യാൻ പോയി. മറ്റെ പശുക്കൾ കുറേ വിളിച്ചിട്ടും കേൾക്കാതെ പോയി.അന്നേരം അഹങ്കാരിയായ പശുവിന് ആരുമില്ലായി രുന്നു. പെട്ടന്ന് ഒരു ഭീകര ശബ്ദം. കാട് കുലുങ്ങുന്നു. അപ്പുറത്തെ കുറ്റി കാട്ടിൽ നിന്ന് പുലി ഒറ്റ ചാട്ടം. പാവം പശു പേടിച്ച് വിറച്ചു. അന്നേരം പുലി പറഞ്ഞു. എനിക്ക് നിന്റെ മാംസം വേണം. പശു പറഞ്ഞു. ഞാൻ എവിടുന്നെങ്കിലും മാംസം കൊണ്ടുവരാം എന്ന്പറഞ്ഞ് ഓടി പോയി. അന്നേരം പശുവിന് മനസ്സിലിയി കുട്ടുകാർ പറഞ്ഞത് അനുസരിച്ചാൽ മതിയായിരുന്നു. ഇനി ഇതു പോലെ അഹങ്കാരം കൊണ്ട് കുട്ടുകാരെ വിട്ട് ആപത്തിൽ ചാടരുത്.

_അനുശ്രീ.കെ.സ്
7.B



# കേരളം എൻ വർണ്ണം

പച്ചപുതച്ചുള്ള കേരളമേ-
നിൻ ഇടലുകൾ വീശിയതാരാണ്
മഴവിൽ വർണ്ണം നിൻ വസന്തം,
കേരളം കേരളം നവ കേരളം

നൃത്തത്തിൽ രൂപങ്ങൾകാട്ടിടുന്നു,
പ്രകൃതി വസന്തം വണങ്ങിടുന്നു
നിൻ കൈകൾ കൂപ്പിയ വിളക്കുമായി,
മലയാള ഭാഷതൻ ഭാഷയല്ലെ.

പുഴകളും തോടും കവിഞ്ഞിടുന്നു-
വസന്തക്കാലം വന്നിടുന്നു,
മഴക്കാലം ഏറെ സുഖമതിൽ
കേരളം എന്നും സുന്ദരവും
ദരിദ്രർ, ധനികർ വസിച്ചിടുന്നു
കേരള നാട്ടിൽ കിളച്ചിടുന്നു.
ചിറകുകൾ വീശി പറന്നിടുന്നു
കേരള നാട് മയങ്ങിടുന്നു.
കേരളം കേരളം നവ കേരളം
സ്വാതന്ത്രമായെന്നും കേരളം

ആയിഷത്ത് ഷിഫാന,8A

# മനുഷ്യപുരോഗതിയിൽ ശാസ്ത്രത്തിന്റെ പങ്ക്

ആധുനിക ജീവിതത്തിൻ ശാസ്ത്രം വഹിക്കുന്ന പങ്ക് ആർക്കും നിഷേധിക്കാനാവത്തതരത്തിൽവളർന്നു കഴിഞ്ഞിരിക്കുന്നു.ശാസ്ത്രംഒ രർഥത്തിൽ ശിക്ഷകനും മറ്റൊരർഥത്തിൽ രക്ഷകനുമായി മാറിയിരിക്കുകയാണ്.ഇന്ന് നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ശാസ്ത്രം ഗണ്യമായ സ്വാധീനം ചെലുത്തിക്കഴിഞ്ഞു.

സ്ഥലകാലങ്ങൾ തമ്മിലുള്ള അകലം കുറയ്ക്കാനും-മനുഷ്യനു പറവയെപ്പോലെ ആകാശത്ത് പറക്കാനും മത്സ്യ ത്തെപ്പോലെ വെള്ളത്തിൽ നീന്താനും ശാസ്ത്രം ഉപകാരിയാ യിത്തീർന്നിരിക്കുന്നു.മൊട്ടുസൂചിമുതൽ കമ്പ്യൂട്ടർവരെവ അ തിന്റെ എണ്ണിയാലൊടുങ്ങുത്ത പട്ടികയിൽ പെടുന്നു നിരത്തി ലൂടെ ഓടുന്ന വാഹനങ്ങളും പാളത്തിലൂടെ ഓടുന്ന തീവണ്ടി യും ആകാശത്തിലൂടെ പറക്കുന്ന വീമാനങ്ങളും മനുഷ്യജീവി തത്തെ കൂടുതൽ ഗമമാക്കുന്നു.

ദൈനംദിനജീവിതത്തിലെ മറ്റുരംഗങ്ങളിലും ഈ-മുന്നേറ്റം കാണുവാൻ സാധിക്കും.നമ്മുടെ ഗൃഹസംബന്ധ മായഎല്ലാ കാര്യങ്ങളിലും ശാസ്ത്രം വളരെയധികം സംഭാവനകൾ നൽകിയിട്ടുണ്ട്.പ്രഷർക്കുക്കർ, മിക്സി, ഗ്രൈൻഡർ,ഗ്യാസ്സ്റ്റൗ തുടങ്ങിയവ അടുക്കളപ്പണി എത്ര എളുപ്പമാക്കുന്നുവെന്ന്പറയേണ്ടതില്ലല്ലോ. തിരക്കേറിയ ആധുനിക മനുഷ്യന്റെ ജീവിതം ഇപ്പറഞ്ഞ ഉപകരണങ്ങ ളെല്ലാം ആശ്വാസപൂർണമാക്കുന്നു.

മെഡിക്കൽ സയൻസ് നമ്മുടെയിടയിൽ വളരെയധി കം വികാസം പ്രാപിച്ചിരിക്കുന്നു.ക്യാൻസറിനുള്ള ചികിത്സമു തൽ പ്ലാസ്റ്റിക് സർജറിവരെ നമ്മുടെ ആശുപത്രികളിൽ നട

ക്കുന്നു.ടെസ്റ്റ്ട്യൂബ് ശിശു വൈദ്യശാസ്ത്രരംഗത്തെ ഒരാധുനിക കണ്ടുപിടിത്തമാണ്.കിഡ്നി,ഹൃദയം,ആദിയായവ പറിച്ചുനടുന്നതിലും നാം വിജയംകണ്ടെത്തിയിരിക്കുന്നു. ശിശുക്കളെ ആക്രമിക്കാൻസാധ്യതയുള്ള പോളിയൊ പോലുള്ള രോഗങ്ങൾക്കും പ്രതിരോധ ചികിത്സ നമുക്ക് ലഭിക്കുന്നുണ്ട്.

വാർത്താവിനിമയരംഗത്ത് ശാസ്ത്രം നമ്മെ ബഹുദൂരം മുൻപോട്ട് കൊണ്ടുയിക്കഴിഞ്ഞു പത്രം, വാരികകൾ, റേഡിയോ,ദൂരദർശൻ തുടങ്ങിയവ ഏറ്റവും നല്ല വാർത്താവിനിമയ മാധ്യമങ്ങളാണ്.

സാങ്കേതികരംഗങ്ങളിലും ഈ കുതിച്ചുചാട്ടം നമുക്ക്-കാണുനാൻ കഴിയും.ഭൂമിനിട്ട് ചന്ദ്രനിലും ഇനി ചൊവ്വയിലുംപോകാനുള്ള മനുഷ്യന്റെ പരിശ്രമങ്ങൾക്ക് പിന്തുണ നൽകുന്നത് ശാസ്ത്രമാണ്.എന്തിനേറെ, മനുഷ്യനേ ക്കാൾ കാര്യക്ഷമമായി പ്രവർത്തിക്കുന്ന യന്ത്രമനുഷ്യനെ വരെ ആധുനികശാസ്ത്രം നമുക്ക് കാഴ്ചവെച്ചിട്ടുണ്ട്. ചുരുക്ക ത്തിൽ മാനവവംശത്തിന്റെ പുരോഗതിയിലെ ഏറ്റവും വലിയ നാഴികക്കല്ലായി ശാസ്ത്രം നേട്ടങ്ങൾ മാറിയിരിക്കുന്നു. ഇനി എന്തെല്ലാം ഫലങ്ങളാണ് ശാസ്ത്രം നമുക്ക്മുന്നിൽകാഴ്ച വയ്ക്കാനിരിക്കുന്നതെന്ന് ആർക്കും-പ്രവചിക്കാൻസാധ്യമല്ല

നന്ദനാ നാരായണൻ.പി

9.ബി

# എടുത്തുചാട്ടം ആപത്ത്

അഹങ്കാരിയും എടുത്തുചാട്ടക്കാരനുമായ ഒരു സിംഹമായിരുന്നു കാട്ടിലെ രാജാവ് . സിംഹത്തിന്റെ ഭരണത്തിൽ കാട്ടിലെല്ലാവരും പൊറുതിമുട്ടി.ഒരു ദിവസം ഒരു കുറുക്കൻ കാട്ടിൽ വേട്ടക്കാർ കെണിവച്ചതു കണ്ടു. അതിൽ ഇരയെ ആകർഷിക്കാൻ ഒരു ഇറച്ചിക്കഷ്ണവും വച്ചിരിന്നു ഇതു തന്നെയാണ് സിംഹത്തെ തുരത്താനുള്ള മാർഗം എന്ന് കുറുക്കന് തോന്നി. അവൻ സിംഹത്തെ സൂത്രത്തിൽ അവിടേക്ക് കൂട്ടിക്കൊണ്ട് വന്നു .താനാണ് ആ ഇറച്ചി കഷ്ണം ഇവിടെ വെച്ചതെന്ന് സിംഹത്തെ പറഞ്ഞ് കുറക്കൻ ധരിപ്പിച്ചു. ഇറച്ചി കഷ്ണണം എടുക്കാൻ നോക്കിയ സിംഹത്തിന്റെ കൈ കെണിയിൽ വീണു. എടുത്തുചാട്ടം ആപത്താണെന്ന് സിംഹത്തിന് മനസ്സിലായി



# ഭൂമി

അമ്മയാം ഭൂമി
നന്മയാം ഭൂമി
മണ്ണിൽ സുഗന്ധം ഏറ്റുണർത്തും മാതാ
നന്മതൻ നദിയും
അമ്മതൻ കാറ്റും
തൊട്ടുണർത്തി നീ എൻ പ്രിയ ഭൂമി
ഏകയാം നിമിഷം ഓർക്കുവാൻ വിടാതെ
ചേർത്തു പുൽകുന്ന ഭൂമി......
വാക്കിനായാലും സുഹൃദ്ബന്ധം
നെഞ്ചോടു ചേർക്കുന്ന എൻ പ്രിയ
ഭൂമി..................
നന്മതൻ കഥനങ്ങൾ മനം നിറഞ്ഞു
ചൊല്ലുവാൻ നിമിഷങ്ങൾ
ബാക്കിയില്ലാ എൻ പ്രിയ ഭൂമി .........

ഐശ്വര്യ.എം
8.B

## ചിന്നുവിന്റെ


## കഥ

പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ സുന്ദരിയായ പെൺകുട്ടിഉണ്ടായിരുന്നു.ചിന്നു എന്നായിരുന്നു അവളുടെ പേര്.ഒരു ദിവസം ചിന്നു ചന്തയിൽ പോവുകയായിരുന്നു.അവളുടെ കൂട്ടുകാരിയായ പൊന്നുവും ഉണ്ടായിരുന്നു.അവർ ചന്തയിലെത്തി. സാധനങ്ങൾ വാങ്ങി വീട്ടിലേക്ക് മടങ്ങി.മടങ്ങുന്ന വഴി അവർ ഒരു ശബ്ദം കേട്ടു.അവർക്ക് പുലിയുടെ ശബ്ദം പോലെയാണ്കേട്ടത്.അവർ പേടിച്ചുഓടി. അത് പുലിയായിരുന്നില്ല. ചെന്നായക്കുട്ടങ്ങളായിരുന്നു.അവർക്കചുറ്റും ചെന്നായക്കൂട്ടങ്ങൾ കൂടിനിന്നു.പക്ഷെ ചെന്നായക്കൂട്ടങ്ങൾ പേടിച്ചു. അവരുടെ രാജാവായ സിംഹം അവിടെ എത്തി.സിംഹത്തെ കണ്ട് ചെന്നായ കൂട്ടങ്ങൾ

ഓടിപ്പോയി. സിംഹം പറഞ്ഞു എന്താ കുട്ടികളെ ഇവിടെനിൽക്കുന്നത്. ചിന്നു പറഞ്ഞു ഞങ്ങൾ ചന്തയിൽപോയി വരികയായിരുന്നു. അപ്പോഴാണ് ഈചെന്നായ കൂട്ടങ്ങൾ ഞങ്ങളെ അക്രമിച്ചത്.എന്നാൽ നിങ്ങൾ പോയിക്കോളൂ. അവർസന്തോഷത്തോടെ വീട്ടിലേക്ക് മടങ്ങി.

ആതിര. ആർ

6c



# മഴ

ഉച്ച നേരത്തൊരു
കൊച്ചു മയക്കത്തിൽ
പിച്ച വച്ചെത്തിയ
കാർമുകിലെ ....

തല്ലിച്ചിതറുമോ
ചില്ലുകണക്കയെൻ
മുന്നിലുൻമാദിനിയായ്
പൊഴിഞ്ഞു

പൂക്കുന്ന തൈമാവിൻ
ചില്ലകളും
നിരന്നാടുന്ന
കൈതോലക്കൂട്ടങ്ങളും

കാറ്റിൽ ചാഞ്ചാടിയാടും
കിളി പൂക്കളും കുളിരേറ്റു
മോങ്ങുന്നുവോ

_ ഇർഫാൻ .കെ
7B

# മഴക്കാലം

മഴ മഴ മഴ മഴ നല്ല മഴ
പെരുമഴ ഞാൻ കുടയും ചൂടി
മഴയത്തു നടക്കുമ്പോൾ എന്തൊരു നല്ല
രസമാണ് മഴ പെയ്യുമ്പോൾ
എലിയും പൂച്ചയും പായുന്നു
മഴ മഴ മഴ മഴ തുള്ളി മഴ
എന്തൊരു രസമാണ് മഴയെ കാണാൻ
മഴ മഴ മഴ മഴ വന്നു
കുട കുട കുട കുട ചൂടി
എനിക്ക് മഴയെ വലീയ ഇഷ്ടമാണ്
എല്ലാവരും കുട പിടിച്ച നടക്കുമ്പോൾ
എന്തൊരു രസമാണ്

നിതിന.എ

3 B

# വാഹനയാത്ര

സൂര്യൻ മിന്നാമിനുങ്ങ്പോലെ ഉദിച്ചുയർന്നു. ഒട്ടും വൈകാതെ എങ്ങും വെട്ടം പകർന്നു.തുളസിച്ചെടിയിലെ ഒരിലയിൽ നിന്ന് എന്നെ നോക്കി സൂചിപോലെ തിളങ്ങുന്ന മഞ്ഞുതുള്ളിയെ ഞാൻ നിരിക്ഷിച്ചു. അതുകണ്ടപ്പോൾ അമ്മ അകത്തു നിന്ന് ചൂലുമെടുത്ത് ഓടിവന്നു. ഉടുത്തിരിക്കുന്ന തോർത്തും ചുരുട്ടിപ്പിടിച്ച് ഞാൻ ഉള്ളിലെക്കോടി. വാവായതുകൊണ്ട് അച്ഛന്റെ വിട്ടിൽ പോകാൻ നിൽക്കുകയാണ്. ഞങ്ങൾ കുളിച്ചുടുപ്പിട്ടു. അങ്ങോട്ട് കൊണ്ടുപോവാനായി തോട്ടത്തിൽ നിന്ന് പയർ പറിച്ചു. അതിനു ശേഷം ഓട്ടോ വിളിച്ചു. വിളിച്ചയുടൻ തത്തമ്മ ദേ വരുന്നു. ഞാൻ വണ്ടിയിൽ കയറിയിരുന്നു. “ആഹ"എന്തു സുഖം. നടന്നു യാത്ര ചെയ്യേണ്ട ആവശ്യമെയില്ല. കുറച്ചുസമയം വണ്ടിയിൽ അങ്ങനെ യാത്രയായി. ഹായ് കാറ്റ് വിശുന്നു. എന്നാൽ വിട്ടിലെത്താനായി വണ്ടയിൽ നിന്ന്ഇറങ്ങിയപ്പോൾ സുഖമൊക്കെ പോയി. എന്നാൽ വിട്ടിലെത്തിയപ്പോൾ വേറൊരു സുഖം. വല്ല്യമ്മ എല്ല പെൺകുട്ടികൾക്കും വളകളും മാലകളും കരുതി വച്ചിട്ടുണ്ട്. എനിക്ക്സന്തോഷമായി. അതുമാത്രമല്ല വാവായതുണ്ട കോഴിക്കറിയും ഉണ്ട് പ്രാതൽ കഴിഞ്ഞപ്പോൾ കുട്ടികളെല്ലാവരും കളിക്കാൻ പോയി. അക്കൂട്ടത്തിൽ ഞാനും ഉണ്ടായിരുന്നു. ഞങ്ങളെല്ലാവരും ഒരുമിച്ച് ഊഞ്ഞാലിലാടി. ഊഞ്ഞാൽ പൊട്ടി. എല്ലാവരും താഴെവീണു. സഭവം ശുഭം മങ്കളം. കാരണം ഭക്ഷണത്തിനുമുൻമ്പ് ചെക്കന്റെ തലയിൽ നിന്ന് ചോരകണ്ടു. എല്ലാവരും എഴുന്നേറ്റ് ഓടാൻ തുടങ്ങി. ഉച്ചഭക്ഷണ സമയമായപ്പോൾ വിട്ടി-ൽ പോയി. ഇലയിലായിരുന്നു ഭക്ഷണം. നല്ല രുചി. ഭക്ഷണം കഴിച്ച് പറമ്പിൽ പോയി. തേങ്ങ പറിക്കാൻ തെങ്ങിൽ കയറുന്ന അളെ കണ്ടപ്പോൾ തൊട്ടടുത്ത് കണ്ട പപ്പായ മരത്തിൽ ഞാൻ ചാടിക്കയറി. മരം ഒടിഞ്ഞ് വിണു കൂടെ ഞനും വല്ല്യമ്മ വഴക്കുപറയാൻ തുടക്കമിട്ടു കൂടെ അമ്മയും അച്ഛനും. എന്നിട്ട് ഞാൻ ഒരു ഉളുപ്പും കൂടാതെ കളിക്കാൻ പോയി. ലോകത്തിലെഎല്ലാകുരുത്തക്കേടും ഒപ്പിച്ച് വിട്ടിലെത്തുമ്പോൾ സദ്യയായി. കുളിച്ച് റെടിയായി വണ്ടിവിളിച്ചു. രാവിലെ ഉണ്ടായിരുന്ന സന്തോഷം എനിക്കുണ്ടായി. വണ്ടിവന്നു. ഞങ്ങൾ വണ്ടിയിൽ കയറി.കാറ്റ് കിട്ടാനായി ഞാൻ സിറ്റിന്റെ അറ്റത്തിരുന്നു. വണ്ടിഓടിത്തുടങ്ങി. ഹാ....... എന്ത് സുഖം.കുറച്ചു നേരം വണ്ടിയിൽ തന്നെയായിരുന്നു.

[എന്റെ കുട്ടിക്കാല അനുഭവം] നന്ദന എ വി, 7C

# തത്തയും പ്രാവും

ഒരു ദിവസം തത്ത പറന്നു കളിക്കുകയായിരുന്നു. തത്ത കളികഴിഞ്ഞ് വീട്ടിലേക്ക് മടങ്ങി.തത്തയുടെ അമ്മ തീറ്റതേടി പോയി.അങ്ങനെയിരിക്കെ കുഞ്ഞു തത്ത അമ്മയെ കാണാതെ വിഷമിച്ചു ഇരുന്നു.അപ്പോൾ അതിലേ പോയ പ്രാവ് തത്തയുടെ അടുത്തേക്ക് പോയി. എന്താ തത്തക്കുട്ടി വിഷമിക്കുന്നത്.എന്റെ അമ്മയെ കാണാനില്ല.ഈ രാത്രി നീ അമ്മയില്ലാതെ എങ്ങനെ നിൽക്കും?എനിക്ക് അറിയില്ല.എന്നാൽ ഞാൻ നിന്നെ എന്റെ വീട്ടിലേക്ക് കൊണ്ടു പോകട്ടെ.ആ...... പിറ്റേദിവസം അമ്മത്തത്ത വീട്ടിലേക്ക് വന്നു. മകളെ അന്വേഷിച്ചു.മകളെ കാണാത്തതുകൊണ്ട് അമ്മതത്ത വിഷമിച്ചിരുന്നു.അപ്പോൾ തത്തക്കുട്ടി വന്നു.അമ്മേ ...അമ്മയെ കാണാതെ വിഷമിച്ചിരിക്കുമ്പോൾ ഒരു പ്രാവ് വന്ന് എന്നെ പ്രാവിന്റെ വീട്ടിൽ കൊണ്ടുപോയി ഇന്നലെ ഞാൻ അവിടെയാ നിന്നത്.ഇനി അമ്മയോട് പറയാതെ എങ്ങും പോകാൻ പാടില്ല.ആയി അമ്മെ

അസ്ന.

**5.A**


# മഴ

മഴ വരുന്നുണ്ട് മഴ വരുന്നുണ്ട്
മധുരമുള്ള തേൻ മഴ വരുന്നുണ്ട്
മഴ വരുന്നുണ്ട് മഴ വരുന്നുണ്ട്
മധുരമുള്ള ലഡു മഴ വരുന്നുണ്ട്
മഴ വരുന്നുണ്ട് മഴ വരുന്നുണ്ട്
മധുര നാരങ്ങ മഴ വരുന്നുണ്ട്
മഴ വരുന്നുണ്ട് മഴ വരുന്നുണ്ട്
മധുര മാമ്പഴ മഴ വരുന്നുണ്ട്
മഴ വരുന്നുണ്ട് മഴ വരുന്നുണ്ട്
മധുര മിഠായി മഴ വരുന്നുണ്ട്
മഴ വരുന്നുണ്ട് മഴ വരുന്നുണ്ട്
മധുര സ്വപ്ന തേൻ മഴ വരുന്നുണ്ട്
മധുര സ്വപ്ന തേൻ മഴ വരുന്നുണ്ട്

# മിന്നുവിന്റെ റോസാ ചെടി

ഒരു ദിവസം കൂട്ടുകാരിയോടൊപ്പം കളിക്കുകയായിരുന്നു മിന്നു . വൈകുന്നേരം വീട്ടിലേക്കുള്ള യാത്രയ്ക്കിടയിൽ യാദൃശ്ചികമായി ഒരു റോസാ തണ്ട് വീണു കിട്ടി . അത് അവൾ വീട്ടിലേക്ക് കൊണ്ടു പോയി വീട്ട് മുറ്റത്ത് ഒരു കോണിൽ നട്ടു .ദിവസവും അവൾ അതിന് വെള്ളമൊഴിക്കും .ഒരു പുലരിയിൽ അവൾ മുറ്റത്ത് ഇറങ്ങി നോക്കുമ്പോൾ ആ റോസാച്ചെടിയിൽ ഒരു പൂമൊട്ട് കണ്ടു . പിന്നീടുള്ള ദിനങ്ങളിൽ അവൾ അത് തന്നെ നിരീക്ഷിച്ചു കൊണ്ടിരുന്നു . ഒടുവിൽ ആ പൂവ് വിരിഞ്ഞു . അവൾ അത് നോക്കി പുഞ്ചിരിച്ചു.

_സുധിന .കെ
5A



# വർണചിറകുകൾ വീശി.. വീശി

പൂമ്പാറ്റേ പൂമ്പാറ്റേ എങ്ങോട്ടാ പോകുന്നത്
ഞാൻ തേൻ നുകരാൻ പോകുന്നു
പൂമ്പാറ്റേ പൂമ്പാറ്റേ നിന്റെ പുള്ളിയുടിപ്പ് എനിക്ക് തരാമോ
തരാലോ തരാലോ പുള്ളിയുടുപ്പ് തരാലോ
പൂമ്പാറ്റേ പൂമ്പാറ്റേ പാറിപ്പറക്കും പൂമ്പാറ്റേ

ആദികേശ്
**3 ബി**

# രണ്ടു മരങ്ങൾ

ഒരു കാട്ടിൽ രണ്ട് ചങ്ങാതി മരങ്ങളുണ്ടായിരുന്നു.സിംഹവും പുലിയും മറ്റും തിന്ന് ഉപേക്ഷിച്ച മാംസത്തിന്റ ചീഞ്ഞമണം അതിലൊരു മരത്തിന് വല്ലാതെ അസ്വസ്ഥനാക്കി.ആ മരം മറ്റേ മരത്തെ വകവെക്കാതെ ചില്ലകൾ ശക്തിയായി ഇളക്കി കാറ്റ് വീശി.മരച്ചുവട്ടിൽ ഉറങ്ങിക്കിടന്നിരുന്ന സിംഹവും പുലിയും പേടിച്ചോടി.പക്ഷേ,വൈകാതെ രണ്ടു മരംവെട്ടുകാർ അവിടെയെത്തി.ആ കാട്ടിൽ ഒറ്റ മൃഗങ്ങൾ ഇല്ലെന്നു കണ്ട അവർആ രണ്ട് ചങ്ങാതി മരങ്ങളെ വെട്ടാൻ അവരുടെ അടുത്തെത്തി.അത്കണ്ട് തെറ്റ മനസിലായ മരം ചങ്ങാതിയോട് മാപ്പ് പറഞ്ഞു.പക്ഷെ വൈകി ഉദിക്കുന്ന ബുദ്ധി കൊണ്ടെന്തു ഫലം?ആ മരം വെട്ടുകാർ ആ ചങ്ങാതിമരങ്ങളെ വെട്ടി വീഴ്ത്തി.

വിപഞ്ചിക എ കെ
7B



# ശുചിത്വം വേണം

ലോകം മൊത്തം രോഗം നിറയും
കാലമിതെന്തേ മുത്തശ്ശ്യേ?
രോഗം ഈ വിധമെത്താതിനി നാം
ചെയ്യണ്ടതെന്താ മുത്തശ്ശ്യേ?
ഉണർന്നെണീക്കുക കാലത്തേ നാം
മുറപോൽ ചെയ്യുക കൃത്യങ്ങൾ
പല്ലുകളൊക്കെ തേച്ചുകഴിഞ്ഞാൽ
തേച്ചുകുളിക്കുക നന്നായി
തിന്നണ മുമ്പേ കൈയും വായും
ശുചിയാക്കീടുക നിത്യം നാം
അഴുകിപ്പഴകിയ വിഭവം പലതും
ഒഴിവാക്കീട്ടു മടിക്കാതെ
ചെയ്യാമെന്നുടെ മുത്തശ്ശ്യേ.
ശുചിയായിട്ട് നടന്നീടാം
സ്കൂളും എന്നുടെ പരിസരവുമെല്ലാം
ശുചിയായിട്ട് സൂക്ഷിച്ചീടാം

ദേവിക.എം
6.B

## A LIGHTING MY MOTHER

Mother is our God
She is the light of the house
The mother give strength to us
She love and care us

The mother is like a sea
She give us birth
When we cry the -
Mother also cry with us
If we don't have mother-
We can never win in our life
Mother give us happy


When the children is happy
The mother also happy
When children is sad
The mother also sad
When  the mother became-
Old we don't avoid her


(contd...)


We want to care her
The mother is like a flower
The mother can understand
Her children's mind
The mother pray
For the children's happiness

The mother is our real God
We always love our mother
The mother is the spirit of love
The mother is spirit of truth
And the mother is spirit of love

Ayishath Nafia .p
9B





Nimitha.v VII.A








Abhimanyu.T.k IX B
wednesday
English

# ലിറ്റിൽ കൈറ്റ്സ്- 2018-19

# ഇ-മാഗസിൻ ശില്പികൾ



# നന്ദി

കുട്ടികളുടെ കലാവാസനകൾ ഉൾപ്പെടുത്തി വിവര വിനിമയ സാങ്കേതിക രംഗത്ത് കഴിവ് പ്രകടിപ്പിക്കുന്ന ലിറ്റിൽ കൈറ്റ്സിന്റെ ഒരു പ്രവർത്തനമാണ് ഇ-മാഗസീൻ.കുട്ടികളുടെ മനസിൽ ഉറങ്ങിക്കിടക്കുന്ന കലാകാരൻ മാരെ വിളിച്ചുണർത്തി അതിനെ ഡിജിറ്റലൈസ് ചെയ്ത് പ്രസിദ്ധീകരിക്കാനുള്ള ഒരു എളിയ ശ്രമമാണിത്.

ഇത് തയ്യാറാക്കാൻ സഹായിച്ച ഹെഡ്മാസ്റ്റർ,പ്രിൻസിപ്പാൾ,രക്ഷിതാക്കൾ,അദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർക്കെല്ലാം നന്ദി രേഖപ്പെടുത്തുന്നു.വിവരവിനിമയസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി തയ്യാറാക്കുന്ന ഈ മാഗസിനിൽ എന്തെങ്കിലും തെറ്റുകുറ്റങ്ങൾ ഉണ്ടെങ്കിൽ സദയം ക്ഷമിക്കണമെന്ന് അപേക്ഷിക്കുന്നു.

എന്ന് എഡിറ്റർ

മിഥുൻ.എം

9.B

